**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4262** **09-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമ നിധി ബോർഡുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലുണ്ടായിരുന്ന ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് ലയിപ്പിച്ചതെന്നും ഇത്തരത്തിൽ ലയിപ്പിക്കാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (സി) | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജി പ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗങ്ങളുടേയും പെൻഷൻ കാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് മൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലായ തുകാരണമാണ് ബോർഡുകൾ സംയോജിപ്പിക്കാൻ തീരുമാനിച്ചത്. |
| (ഡി) | ഇങ്ങനെ ലയിപ്പിക്കുന്നത് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം എന്താണെന്ന് | (ഡി) | ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിച്ചു ശാക്തീകരിക്കുക വഴി ബോർഡുകൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കഴിയും |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 3 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 16 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 17 | കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി കമ്മിറ്റി |
| 18 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് |
| 19 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 20 | കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 21 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 22 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി |
| 23 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് |
| 24 | കേരള ക്ഷീര കർഷക ക്ഷേമനിധി |
| 25 | വ്യാപാരി ക്ഷേമബോർഡ് |
| 26 | കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് |
| 27 | കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് |
| 28 | കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ് |
| 29 | കേരള കർഷക ക്ഷേമനിധി ബോർഡ് |
| 30 | കേരള പ്രവാസി ക്ഷേമ ബോർഡ് |

സെക്ഷൻ ഓഫീസർ